# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3387 20.06.2018 ൽ മറുപടിയ്ക്ക്

**വാഹനപ്പുക പരിശോധനാ യന്ത്രങ്ങളുടെ ഗുണനിലവാരം**

| | ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രതിദിനം വാഹനങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വാഹനപ്പുക പരിശോധനാ യന്ത്രങ്ങളുടെയും പരിശോധനാ കേന്ദ്രങ്ങളുടെയും ഗുണനിലവാരം പരിശോധിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ഗുണനിലവാരം പരിശോധിക്കു ന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയ ണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകിയി ട്ടുണ്ട്. ആയതിനു പുറമേ ഇവ കേന്ദ്രീകൃത സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ കെൽട്രോൺ മുഖേന നടന്നുവരുന്നു. |
| (ബി) | ക്രമവിരുദ്ധമായി വാഹനപ്പുക പരിശോധനാ സർട്ടിഫിക്കറ്റ് നൽകുന്നത് വഴി നിരത്തിലോടുന്ന സർക്കാർ വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ വൻതോതിൽ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | നിരത്തിലോടുന്ന എല്ലാ വാഹനങ്ങൾക്കും കർശന മലിനീകരണ നിയന്ത്രണ സ്റ്റാൻഡേർഡ് ഉറപ്പ് വരുത്താൻ അടിയന്തരമായി നടപടി സ്വീകരിക്കാമോ ; | | കേന്ദ്രീകൃത സംവിധാനം നടപ്പിൽ വരുത്തുന്നതോടുകൂടി കർശന മലിനീകരണ നിയന്ത്രണ സ്റ്റാൻഡേർഡ് ഉറപ്പ് വരുത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് |
| (ഡി) | ഇതിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു കർമ്മ പദ്ധതി തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ? | | ഇത്തരത്തിലുള്ള ഒരു പദ്ധതി നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ